''ഭരണഭാഷ മാതൃഭാഷ'

# കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റി

(ഒരു കേരള സർക്കാർ സ്ഥാപനം)

A1–5006/2022/KHRWS 22–10–2022

നമ്പർ :.................................. തീയതി :..................................

കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി കണ്ണൂർ റീജിയണിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിലേക്കായി താഴെപ്പറയുന്ന യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

| ക്രമ നം. | തസ്തിക | യോഗ്യത | ഒഴിവുകളുടെ എണ്ണം | ശമ്പളം |
|---|---|---|---|---|
| 1 | ഓവർസിയർ (സിവിൽ) കണ്ണൂർ | a) ഡിപ്ലോമ സിവിൽ എൻജിനീയറിംഗ്<br>b) ഓവർസിയർ (സിവിൽ) വിഭാഗത്തിൽ 2 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം<br>c) പ്രായപരിധി 40 വയസ്സ് കഴിയരുത്<br>d) വിവിധ സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഓവർസിയർ (സിവിൽ) തസ്തികയിൽ കുറയാതെ വിരമിച്ചവർക്കും അപേക്ഷിക്കാം (പ്രായപരിധി 59 വയസ്സ് കഴിയരുത്)<br>e) സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ പ്രവൃത്തി പരിചയം അഭികാമ്യം | 1 | 20,000/– (നിശ്ചിത ശമ്പളം) |

മേൽ വിവരിച്ച യോഗ്യതകളുടെ അടിസ്ഥാനത്തിൽ അപേക്ഷകൾ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ പ്രസ്തുത അപേക്ഷ 05.11.2022 തീയതി വൈകുന്നേരം 4 മണിക്കു മുൻപായി മാനേജിംഗ് ഡയറക്ടർ, കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ആസ്ഥാന കാര്യാലയം, ജനറൽ ആശുപത്രി ക്യാമ്പസ്, റെഡ് ക്രോസ് റോഡ്, തിരുവനന്തപുരം – 695035 എന്ന മേൽവിലാസത്തിൽ നേരിട്ടോ, തപാൽ മാർഗ്ഗമോ അപേക്ഷിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം യോഗ്യത സർട്ടിഫിക്കറ്റുകളുടെയും പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൃത്യമായും ഉള്ളടക്കം ചെയ്തിരിക്കണം. കൃത്യമല്ലാത്ത അപേക്ഷകൾ പൂർണ്ണമായും നിരസിക്കുന്നതായിരിക്കും. കൂടാതെ അപേക്ഷകരുടെ ഫോൺ നമ്പർ, ഇ–മെയിൽ ഐ.ഡി. എന്നിവ അപേക്ഷയിൽ ഉൾക്കൊള്ളിച്ചിരിക്കണം.

ഒപ്പ്/–

**മാനേജിംഗ് ഡയറക്ടർ**

**അംഗീകാരത്തോടെ,**

**സീനിയർ സൂപ്രണ്ട്**

513

രജിസ്റ്റേർഡ് ഓഫീസ് : ജനറൽ ആശുപത്രി ക്യാമ്പസ്, റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം – 695 035
ടെലിഫോൺ : 0471 2306623, ടെലി.ഫാക്സ് : 0471 2304012, ഇമെയിൽ : mdkhrws2018@gmail.com